കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചെറുകോൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA/P8/734/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/07/2024
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുകോൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA/P8/734/24

തീയ്യതി: 29/07/2024

പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ദ്ധ എസ്	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)	24-06-2024	03-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-06-2024	03-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ., ഓഡിറ്റ് ഓഫീസർ
ശ്രീ. മഹേഷ് കുമാർ കെ.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ കെ.ആർ സന്തോഷ്	പ്രസിഡന്റ്	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ആർ ശ്രീലേഖ	സെക്രട്ടറി	01-04-2023	31-03-2024

ശ്രീമതി രേണു പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീ രമേഷ് കുമാർ പി	കൃഷി ഓഫീസർ	01-04-2023	15-06-2023
ശ്രീമതി അഞ്ജന എസ്	കൃഷി ഓഫീസർ	16-06-2023	31-03-2024
ഡോ സിബിൻ മാത്യു	മെഡിക്കൽ ഓഫീസർ , PHC	01-04-2023	09-07-2023
ഡോ അരവിന്ദ് കെ എസ്	മെഡിക്കൽ ഓഫീസർ , PHC	10-07-2023	31-03-2024
ഡോ സതീഷ് കുമാർ	മെഡിക്കൽ ഓഫീസർ , ആയുർവേദം	01-04-2023	07-07-2023
ഡോ ഷാനി ഹസൻ	മെഡിക്കൽ ഓഫീസർ , ആയുർവേദം	08-07-2023	13-02-2024
ഡോ ശ്രീകല	മെഡിക്കൽ ഓഫീസർ , ആയുർവേദം	14-02-2024	31-03-2024
ഡോ ബിജു മാത്യു	വെറ്റിനററി സർജൻ	01-04-2023	31-03-2024
ശ്രീ അനിൽ കുമാർ	ഹെഡ് മാസ്റ്റർ, GLPS കീക്കൊഴൂർ	01-04-2023	31-03-2024
ശ്രീ അനന്ത കൃഷ്ണൻ കെ.പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	18-07-2023
ശ്രീമതി സുലജ	അസിസ്റ്റന്റ് എഞ്ചിനീയർ	19-07-2023	31-03-2024
ശ്രീ അപ്പൂസ് എസ് ബി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024

ശ്രീമതി കവിത കൃഷ്ണൻ	ICDS സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ അനിൽ കുമാർ എം ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി അൽ സുമയ്യ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	24-11-2023
ശ്രീ അർജ്ജുൻ മോഹൻ എം വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	25-11-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-1
3	ലോൺ,അഡ്വാൻസ്, ഡെപ്പോസിറ്റ് നീക്കിയിരിപ്പ് തുക കൃത്യമല്ല	1-1-2
4	ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല	1-1-3
5	ബജറ്റ്	1-2
6	സാമ്പത്തിക വിശകലനം	1-3
7	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	1-4
8	പദ്ധതി അവലോകനം	1-5
9	തൊഴിലുറപ്പ് പദ്ധതി	1-6
10	ക്ഷേമ പദ്ധതികൾ	1-7
11	ക്യാഷ് പരിശോധന	1-8
12	ആഭ്യന്തര നിയന്ത്രണം	1-9
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
14	പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ഗുരുതരാവസ്ഥയിൽ	1-11
15	ഹെൽത്ത് ഗ്രാന്റായി ലഭിച്ച 33.25 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല	1-12
16	തനതു വരുമാന സമാഹരണം - അവലോകനം	1-13
17	വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്	1-14
18	തൊഴിൽനികുതി പിരിവ് കര്യക്ഷമമല്ല	1-15
19	ലൈസൻസ് വിതരണം - അപാകതകൾ	1-16
20	അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നില്ല	1-17
21	ലൈഫ് ഭവനപദ്ധതി - നിർമ്മാണം പൂർത്തീകരിച്ചില്ല	1-18

22	അങ്കണവാടി - അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ	1-19
23	അഗതി രഹിത കേരളം പദ്ധതി - അവലോകനം	1-20
24	ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല - 6499884 രൂപ ലാപ്സായി	1-21
25	ടേക്ക് -എ-ബ്രേക്ക് - കെട്ടിട നിർമ്മാണം പൂർത്തിയാക്കിയില്ല	1-22
26	ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം	1-23
27	ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പരിപാലനം തൃപ്തികരമല്ല	1-24
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-10
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കലും നിർദ്ദേശങ്ങളും അനുസരിച്ച് 21-05-2024 ലെ 2(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 21-05-2024 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി ചെറുകോൽ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
29/07/2024

1-1-1 സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ I1, RP-45, B15 – വസ്തുനികുതി സംബന്ധിച്ച് സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-2 ലോൺ,അഡ്വാൻസ്, ഡെപ്പോസിറ്റ് നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ B18- ലോൺ, അഡ്വാൻസ്, ഡെപ്പോസിറ്റ് നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. തൻവർഷം KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത 168551 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. KWA യിൽ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത 223995 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വാർഷിക കണക്കിലെ B-18 ഷെഡ്യൂളിൽ നിന്നും ക്രമപ്രകാരം ഒഴിവാക്കേണ്ടതാണ്.

1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

എ) 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

ബി) ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

1-2 ബജറ്റ്

ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി, തീരുമാനം നമ്പർ	21/03/2023 തീരുമാനം1(1)
റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, തീരുമാനം നമ്പർ	29/01/2024 തീരുമാനം 3(1)

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം
മുന്നിരിപ്പ്	1472168	4996422	-3524254
വരവ്	121004400	32590086	-88414314
ആകെ	122476568	37586508	-84890060
ചെലവ്	120077400	26659116	-93418284
നീക്കിയിരിപ്പ്	2399168	10927392	8528224

1-3 സാമ്പത്തിക വിശകലനം

	റസീപ്റ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം

മുന്നിരിപ്പ്	4996422	
വരവ്	32590086	74455381
ആകെ	37586508	
ചെലവ്	26659116	78767990
നീക്കിയിരുപ്പ്	10927392	

1-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട് (ജനറൽ)	0	9307980	9307980	7663804	1644176
വികസന ഫണ്ട് (എസ്.സി.പി)	0	2144000	2144000	1625828	518172
വികസന ഫണ്ട് (റ്റി.എസ്.പി)	0	0	0	0	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	1233523	1167500	2401023	982911	1418112
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്)	156446	1557000+ 46052(Interest)	1759498	1283687	475811
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ഹെൽത്ത് ഗ്രാന്റ് - Support For Diagnostic	102682	643000 + 10291 (Interest)	755973	291915	464058
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ഹെൽത്ത് ഗ്രാന്റ് - Health & Wellness Centres	32353	287000 + 4313(Interest)	323666	222380	101286
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ഹെൽത്ത് ഗ്രാന്റ് - Building To Sub Centers	0	2775000 + 29954(Interest)	2804954	0	2804954
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	3569350	3569350	3559441	9909
സംരക്ഷണ ഗ്രാന്റ്	0	2846000	2846000	1770686	1075314

(റോഡിതരം)					
സംസ്ഥാനാവിഷ്കൃത ഫണ്ട്					
ശുചിത്വ മിഷൻ	299722	28936 (Interest)	328658	315435	13223
ശബരിമല ഗ്രാന്റ്	652733	0	652733	652733	0
ബയോഡൈവേഴ്സിറ്റി	221486	6396 (Interest)	227882	0	227882
കേന്ദ്രാവിഷ്കൃത ഫണ്ട്					
ഐ.സി.ഡി.എസ്	821966	657233	1479199	367882	1111317
MGNREGS	2279	731473	733752	732751	1001
District Ayush Mission	500000	0	500000	0	500000

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹657000 രൂപയും ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹602378 രൂപയും വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹395611 രൂപ വികസന ഫണ്ട് (എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ചെലവ് ശതമാനം
188	71187707	124	31992045	64	44.94

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	വകയിരുത്തിയ തുക	നിർവ്വഹണം നടത്തിയ പദ്ധതികളുടെ എണ്ണം	ചെലവഴിച്ച തുക	ചെലവ് ശതമാനം
1	കൃഷി ഓഫീസർ	9	2722635	8	1151310	42.29
2	വെറ്ററിനറി സർജൻ	7	1668000	7	740480	44.39
3	മെഡിക്കൽ ഓഫീസർ (PHC/CHC)	12	3035183	10	1730335	57.01
4	മെഡിക്കൽ ഓഫീസർ (ആയുർവേദം)	4	1135500	4	1128541	99.39

5	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ /ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	5	37676233	4	14032266	37.24
6	ICDS സൂപ്പർവൈസർ	5	2111080	5	1413497	66.96
7	സെക്രട്ടറി	37	3248806	17	3464657	106.64
8	ഹെഡ്മാസ്റ്റർ, GLPS	7	1013300	4	334416	33
9	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	7	3137360	7	1163858	37.1
10	അസിസ്റ്റന്റ് എഞ്ചിനീയർ	83	14392255	47	6073321	42.2
11	ഡയറി ഫാം ഇൻസ്ട്രക്ടർ	2	350000	2	226768	64.79
12	അസിസ്റ്റന്റ് സെക്രട്ടറി	10	697355	9	532596	76.37
	ആകെ	**188**	**71187707**	**124**	**31992045**	**44.94**

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	2279	731473	733752	732751	1001
ഗുണഭോക്താക്കൾക്ക നേരിട്ട് നൽകിയത്	0	15948571	15948571	15948571	
ആകെ	2279	16680044	16682323	16681322	1001

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പെൻഷൻ ഇനം	*ഗുണഭോക്താക്കളുടെ എണ്ണം*	*ചെലവ്*
കർഷക തൊഴിലാളി പെൻഷൻ	19	249600
മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	140	1601000
വിധവാ പെൻഷൻ	398	4246500
വാർദ്ധക്യകാല പെൻഷൻ	1366	15228500
അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	12	134400
തൊഴിൽ രഹിത വേതനം	ഇല്ല	ഇല്ല

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.07.2024 4PMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 59017 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ മേൽനോട്ടം, അവയുടെ ഏകോപനം എന്നിവ കുറ്റമറ്റതാണ്. എന്നാൽ പഞ്ചായത്ത് വാഹനത്തിന്റെ (KL 62C-5469) ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി
പെർഫോമൻസ് ഓഡിറ്റ്	22-04-2022 To 23-04-2022	04/21 To 12/21	റിപ്പോർട്ട് ലഭിച്ചിട്ടില്ല
അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ്	11-03-2015 To 25-03-2015	2009-10 To 2013-14	22-06-2015

1-11 പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ഗുരുതരാവസ്ഥയിൽ

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ പ്രകാരം പഞ്ചായത്തിന് 2023-24 സാമ്പത്തിക വർഷം 60.99 ലക്ഷം രൂപ ധനകമ്മിയായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തനതു വരുമാനം	തുക	തനതു ചെലവുകൾ	തുക
നികുതി വരുമാനം (I-1)	3419471	എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (I-10)	9719064
വാടക (I-3)	645	ഭരണപരമായ ചെലവുകൾ (I-11)	470249
ഫീസുകളും യൂസർ ചാർജ്ജും (I-4)	1729340	പ്രവർത്തന ചെലവുകളും പരിപാലനവും (I-12)	1539743
വിൽപ്പനയും കൂലി ചാർജ്ജും (I-5)	225906		
സ്ഥിര നിക്ഷേപത്തിൽ നിന്നുള്ള പലിശ (I-7)	33750		
പലിശ (I-8)	14841		
മറ്റു വരുമാനം (I-9)	206049		
ആകെ വരുമാനം	5630002		
വരവിൽ കവിഞ്ഞ ചെലവ്	**6099054**		
ആകെ	**11729056**		**11729056**

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പൊതുആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത് (തൻവർഷം ലഭിച്ച പൊതുആവശ്യ ഗ്രാന്റ് 5593500 രൂപയാണ്). മേൽ കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 60.99 ലക്ഷം രൂപയാണ്.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു. പ്രാദേശിക സർക്കാരുകളിൽ അർപ്പിതമായിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്.

<u>തനത് ഫണ്ടിന്റെ അപര്യാപ്തത – തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നു.</u>

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്നതിനായി താഴെ പറയുന്ന ബാങ്ക് അക്കൗണ്ട് ആണ് ഉള്ളത്. ആയതിന്റെ 31-03-2024 പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ ചേക്കുന്നു.

കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക് (4003101105000001)	444531
SBI (E-Payments) 37047131038	699588
ആകെ	**1144119**

വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത ഇനങ്ങളിലുള്ള 31.03.2024 ലെ നീക്കിയിരുപ്പ് ചുവടെ ചേർക്കുന്നു.

ഫണ്ട്	തുക
ICDS കേന്ദ്ര വിഹിതം	1111317
ശുചിത്വമിഷൻ ഗ്രാന്റ്	13223
LIFE മിഷൻ സംസ്ഥാന വിഹിതം	60000
ആയുഷ് മിഷൻ	500000
ആകെ	**1684540**

സെക്യൂരിറ്റി നിക്ഷേപം ഇനത്തിൽ 101984 രൂപയുടെയും ശമ്പളം, ലൈബ്രറി സെസ്സ് ഉൾപ്പെടെയുള്ള ചെലവുകൾക്കായി 2911644 രൂപയുടെയും ബാധ്യതയുണ്ട്. ഇപ്രകാരം ആകെ 46.98 ലക്ഷം രൂപയുടെ (1684540+101984+2911644) ബാധ്യത നിലനിൽക്കുമ്പോൾ, തനത് ഫണ്ടിൽ 11.44 ലക്ഷം രൂപ മാത്രമാണ് അവശേഷിക്കുന്നത്. അതായത് ബാദ്ധ്യതകൾ തീർക്കുന്നതിനുള്ള തുക തനതുഫണ്ടിൽ അവശേഷിക്കുന്നില്ല. നിലവിലെ സാഹചര്യത്തിൽ തനതുഫണ്ട് നെഗറ്റീവ് ആണ്. അതായത് -3554049 രൂപ. (1144119-4698168) . പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിച്ച് ചെലവഴിക്കാതിരുന്നതുമൂലം ഫണ്ട് വകമാറ്റി ചെലവഴിക്കാൻ ഇടയാക്കുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/28.06.2024) മറുപടിയായി 3 ഗഡു ജനറൽ പർപ്പസ് ഗ്രാന്റ് ആയ 18.64 ലക്ഷം രൂപ

ലഭിക്കാതിരുന്നതു കാരണമാണ് (3*621900=1864500) തനതു ഫണ്ട് മൈനസ് ആയത് എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചു. 01.04.2024 മുതൽ വർദ്ധിപ്പിച്ച കെട്ടിട നികുതി, പെർമിറ്റ് ഫീസ് എന്നിവ കാരണം തനതു ഫണ്ട് കാലക്രമേണ മെച്ചത്തിലാവും എന്നും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നും ഓഡിറ്റിനു മറുപടി നൽകിയിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ച് ചെലവഴിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ഹെൽത്ത് ഗ്രാന്റായി ലഭിച്ച 33.25 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റായി ലഭിച്ച 40.56 ലക്ഷം രൂപയിൽ 33.25 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്		**ആകെ**	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്		**ആകെ**	ബാലൻസ്
		2022-23	2023-24		2022-23	2023-24		
1	Support For Diagnostic Infrastructure	239550	643000	**882550**	136868	291915	**428783**	453767
2	Grant For Rural Health & Wellness Centres	111543	287000	**398543**	79190	222380	**301570**	96973
3	Construction Of Building To Health Sub Centres		2775000	**2775000**	0	0	**0**	2775000
	ആകെ	**351093**	**3705000**	**4056093**	**216058**	**514295**	**730353**	**3325740**

മേൽ കണക്കുകൾ പ്രകാരം രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സ്കീം -2 പ്രകാരം ലഭ്യമായ 8.8 ലക്ഷം രൂപയിൽ 4.28 ലക്ഷം രൂപ മാത്രമാണ് നാളിതുവരെ ചെലവഴിക്കാനായിട്ടുള്ളത്. ഈ അക്കൗണ്ടിൽ 4.53 ലക്ഷം രൂപ അവശേഷിക്കുന്നുണ്ട്. ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾക്കായി ലഭിച്ച 3.98 ലക്ഷം രൂപയിൽ 3.01 ലക്ഷം രൂപ ചെലവഴിക്കുകയും 96973 രൂപ അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

കിളിയാനിക്കൽ PH സബ് സെന്റർ കെട്ടിട നിർമ്മാണത്തിനായി 17.09.2023 ൽ 27.75 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റായി ലഭിച്ചെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല.



സ.ഉ(സാധാ) നം. 2132/2022/LSGD; തീ.31.08.2022 ഉത്തരവ് പ്രകാരം 2021-22 ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം. 1625/2023/LSGD;തീ.09.08.2023 ഉത്തരവ് പ്രകാരം 2022-23 ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു.

മേൽ ഉത്തരവുകൾ പ്രകാരം Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്കീം-3 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കണക്കുകൾ പ്രകാരം ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക, ഉപകരണങ്ങളുടെ മെയിന്റനൻസ്, ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം, ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ എന്നീ പ്രവർത്തനങ്ങൾക്ക് തുകയൊന്നും ചെലവഴിച്ചിട്ടില്ല. 453767 രൂപ ഈ ഇനത്തിൽ ബാങ്കിൽ അവശേഷിക്കുന്നുണ്ട്.

ക്രമ നം	ഇനം	ചെലവഴിച്ച തുക		ആകെ
		2022-23	2023-24	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.	36500	133271	169771
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക.	0	0	0
3	ഉപകരണങ്ങൾ, കിറ്റുകൾ, റീഏജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.	100368	158644	259012
4	ഉപകരണങ്ങളുടെ മെയിന്റനൻസ്	0	0	0
5	ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം	0	0	0
6	ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ.	0	0	0

	ആകെ	136868	291915	**428783**

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്കീം-3 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കണക്കുകൾ പ്രകാരം പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം, ഇന്റർനെറ്റ് ചാർജ്, എന്നീ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടില്ല. 96973 രൂപ ഈ ഇനത്തിൽ ബാങ്കിൽ അവശേഷിക്കുന്നുണ്ട്.

ക്രമ നം	ഇനം	ചെലവഴിച്ച തുക		ആകെ
		2022-23	2023-24	
1	പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ.	0	0	0
2	ഇന്റർനെറ്റ് ചാർജ്	0	0	0
3	ബോധവൽക്കരണ ക്ലാസ്സുകൾ	0	0	0
4	ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം	0	0	0
5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക,	79190	222380	301570
	ആകെ	79190	222380	**301570**

വയലത്തലയിൽ ഉള്ള പ്രാഥമിക ആരോഗ്യ കേന്ദ്രം കെട്ടിടത്തിലെ ചെറിയ മുറിയിൽ ഒരു ലാബ് ടെക്നീഷ്യനെ വച്ച് പരിമിതമായ സൗകര്യത്തിൽ ലാബ് ടെസ്റ്റുകൾ നടത്താൻ കഴിയുന്നുണ്ട് എന്ന് മെഡിക്കൽ ഓഫീസർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. എന്നിരിക്കലും വിപുലമായ ലാബ് സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി വികസന ഫണ്ടു കൂടി വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനു ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു.

ചെറുകോൽ പഞ്ചായത്തിന്റെ പരിധിയിലുള്ള മൂന്നു സബ് സെന്ററുകളിൽ രണ്ടെണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് (കിളിയാനിക്കൽ, കാട്ടൂർ) . Construction Of Building To Health Sub Centresഎന്ന ഇനത്തിൽ കിളിയാനിക്കൽ PH സബ് സെന്റർ കെട്ടിട നിർമ്മാണത്തിനായി 17.09.2023 ൽ 27.75 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റായി ലഭിച്ചിരുന്നു. എന്നാൽ കിളിയാനിക്കലിൽ സബ്സെന്റർ നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമല്ലാത്തതിനാൽ കാട്ടൂർ സബ്സെന്റർ നിർമ്മിക്കുന്നതിനു 28.05.2024 ൽ സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിനായി 2024-25 വർഷം പദ്ധതി തയ്യാറാക്കുന്നതിനു ഭരണസമിതി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 തനതു വരുമാന സമാഹരണം - അവലോകനം

ലൈസൻസ് ഫീ ഒഴികെയുള്ള നികുതി, നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ പുരോഗതിയുണ്ട്. 2021-22 മുതൽ തനതു വരുമാനം പിരിച്ചെടുത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	വർഷം		
	2021-22	2022-23	2023-24

വസ്തുനികുതി	2078575	2299610	2531456
തൊഴിൽനികുതി	587340	613150	627340
ലൈസൻസ് ഫീ	91000	102000	101000
പെർമിറ്റ് ഫീ	98922	105049	852372
ബിൽഡിംഗ് റെഗുലറൈസേഷൻ ഫീ	36868	58092	524082

2023-24ൽ വസ്തുനികുതി പിരിവ് പൂർണ്ണമാണ്. ഈയിനത്തിൽ 2 പേരിൽനിന്ന് ലഭിക്കാനുള്ള തുക പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് ഫീ ഇനത്തിലുള്ള വരുമാനത്തിൽ തൻവർഷം നേരിയ കുറവുണ്ടായിട്ടുണ്ട്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ, തനതു വരുമാനം സമാഹരിക്കുന്നതു സംബന്ധിച്ച് ക്രിയാത്മക ചർച്ചകൾ നടന്നിട്ടുണ്ട്. നികുതി നികുതിയേതര ഇനങ്ങളിൽ ലഭിക്കാനുള്ള കുടിശ്ശികത്തുകകൾ പിരിച്ചെടുക്കുന്നതു സംബന്ധിച്ചും വസ്തുനികുതി പിരിവ് പുരോഗതി സംബന്ധിച്ചും ചർച്ച നടന്നിട്ടുണ്ട്. വസ്തുനികുതിയിന്മേൽ 2023-24 മുതൽ സേവന ഉപനികുതി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളോട് ചേർന്ന് അനധികൃതമായി കൂടുതൽ മുറികൾ കൂട്ടിച്ചേർക്കുന്നതു മൂലവും ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തുന്നതുവഴിയും ഉണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി, സർക്കാർ നിർദ്ദേശിച്ച മാതൃകയിലുള്ള പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിലവിൽ നിർജ്ജീവാവസ്ഥയിലാണ്.

1-14 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

ചുവടെ പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്. 100 ച.മീറ്ററിൽ കുറവ് പ്ലിന്ത് ഏരിയയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്കാണ് ഇവയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ 100 ച.മീറ്ററിൽ കൂടുതലാണ് ഇവയുടെ വിസ്തൃതി.

ക്രമ നം	വാർഡ് നം / കെട്ടിട നം	കെട്ടിട ഉടമ	പ്ലിന്ത് ഏരിയ (ച.മീ.)	നിർണ്ണയിച്ച നികുതി (നിരക്ക് (30/ച.മീ.)	ഈടാക്കേണ്ട നികുതി (നിരക്ക് (55/ച.മീ.)	കുറവ് (അടിസ്ഥാന നികുതി)
1	IV/229A, B	സെക്രട്ടറി, SCB വയലത്തല	236.79	7103.7	13023.45	5919.75
2	XIII/140A	ശ്രീ ഫിലിപ്പോസ്	138.49	4154.7	7616.95	3462.25
3	XII/112A,B	ശ്രീമതി അൻസൽന	105.36	3160.8	5794.8	2634
4	VII/166A	ശ്രീ ജോർജ്ജ് മാത്യു	114.5	3435	6297.5	2862.5

അപാകത പരിഹരിക്കേണ്ടതാണ്.

<u>റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി</u>

ക്രമ നം 1 പ്രകാരമുള്ള കെട്ടിടത്തിന് പുതമൺ - വയലത്തല റോഡ് സാമീപ്യമുള്ളതാണ്. പ്രഥമ മേഖലയിൽ, അഞ്ചു മീറ്ററിൽ അധികം വീതിയുള്ള റോഡാണിത്. എന്നാൽ അഞ്ചു മീറ്ററിൽ കുറവ് വീതിയുള്ള റോഡ് എന്ന വിഭാഗത്തിൽ തെറ്റായി ഉൾപ്പെടുത്തുകയും, റോഡിന്റെ അടിസ്ഥാനത്തിലുള്ള

വർദ്ധനവ് ഒഴിവാക്കുകയും ചെയ്തുവഴി അനർഹമായ ആനുകൂല്യം നൽകുകയുണ്ടായി. അപാകത പരിഹരിക്കേണ്ടതാണ്.

മേഖലാ ഇളവ് നൽകിയത് ക്രമവിരുദ്ധം

ക്രമ നം 4 പ്രകാരമുള്ള കെട്ടിടം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിനു സമീപമാണ്. ഇതിന് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% നികുതി ഇളവ് നൽകിയിട്ടുണ്ട്. ഇത് പുന: പരിശോധിക്കേണ്ടതാണ്.

1-15 തൊഴിൽനികുതി പിരിവ് കര്യക്ഷമമല്ല

2023-24 സാമ്പത്തിക വർഷത്തേക്ക് ലൈസൻസെടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ ദിവസ/മാസ ശമ്പളത്തിന് ജീവനക്കാർ ജോലിയിലേർപ്പെട്ടിരിക്കുന്നതായി ലൈസൻസ് അപേക്ഷകളിൽ സ്ഥാപന ഉടമകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽനിന്ന് നിയമാനുസൃതമായി ഈടാക്കേണ്ട തൊഴിൽനികുതി ഡിമാൻഡ് ചെയ്തിട്ടില്ല. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം)
1	ഫൈല്ല ഡെസർട്ട് സർവ്വീസ്	2
2	മാഗ്നം മോട്ടോർ ടൂൾസ്	1
3	ബ്രദേഴ്സ് ബേക്കേഴ്സ് ബോർമ്മ	2
4	റീട്ടെയ്ൽ റേഷൻ ഷോപ്പ് വാർഡ് Vi	1
5	റീട്ടെയ്ൽ റേഷൻ ഷോപ്പ് വാർഡ് Vii	1
6	റീട്ടെയ്ൽ റേഷൻ ഷോപ്പ് വാർഡ് I	1
7	അന്ന ട്രേഡേഴ്സ്	1
8	സുഖാർ ഇൻഡസ്ട്രീസ്	2
9	അമൃത എഞ്ചിനീയറിംഗ് വർക്ക്സ്	2
10	മീനാക്ഷി ഡിജിറ്റൽ സ്റ്റുഡിയോ	2
11	മുണ്ടുവേലിക്കര ഇൻഡസ്ട്രീസ്	1
12	വിജയ മെഡിക്കൽ ലാബ്	2
13	പനവേലിൽ ബാറ്ററി ഹൗസ്	1
14	നിള മെഡിക്കൽസ്	1
15	ആരോൺ അലൂമിനിയം ഫാബ്രിക്കേഷൻ	2
16	കൃപ ഏജൻസീസ്	1
17	റയിൻബോ ഡിജിറ്റൽ സ്റ്റുഡിയോ	1
18	ദ്വാരക RCM പ്രോജക്ട്സ്	1
19	എക്സലന്റ് ബ്യൂട്ടി പാർലർ	1
20	പ്രവാസി ജെന്റ്സ് ബ്യൂട്ടി പാർലർ	1
21	സൺ പോളി ടെക്ക്	2
22	മുത്തൂർ കാട്ടിൽ പെയിന്റ്സ്	1

23	Live To Kichen Fish Hub	2
24	RPR ഏജൻസി	4
25	CROPTICO ടെക്നോളജി	1
26	മഹാലക്ഷ്മി വുഡൻ ഫർണിച്ചർ	2
27	ദ പ്രോമിസ് ട്രേഡ് ലിങ്ക്	1
28	റോയൽ ടച്ച്	2

ഒരു അർദ്ധവർഷത്തിൽ അറുപതു ദിവസത്തിൽ കുറയാത്ത കാലയളവിൽ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് നിഷ്കർഷിക്കുന്നു. എന്നാൽ ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിരിക്കുന്ന മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ പേരുവിവരം പഞ്ചായത്തിലെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററിൽ ഇല്ല.

ഈ വിഷയം ഓഡിറ്റ് എൻക്വയറി (06/27.06.2024) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. ലൈസൻസ് അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം 1 എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് സ്ഥാപന ഉടമ തന്നെയാണെന്ന് മറുപടി ലഭ്യമാക്കി. അപേക്ഷ സ്വീകരിക്കുന്ന വേളയിൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും, നിയമാനുസൃതം തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരിൽ നിന്നെല്ലാം നികുതി ഈടാക്കേണ്ടതുമാണ്.

1-16 ലൈസൻസ് വിതരണം - അപാകതകൾ

2023-24 വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

മൂലധന നിക്ഷേപം പരിഗണിക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു.

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസിനുള്ള അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ നിർബന്ധമായി ഉണ്ടാകണം. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ പരിശോധിച്ച പല അപേക്ഷകളിലും ഇപ്രകാരം അവശ്യം വേണ്ട വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്
1	സന്ധ്യ ഫ്യൂവൽസ്
2	ന്യൂ ജറുസലേം ഇലക്ട്രിക്കൽസ്
3	ക്ഷീരസംഘം, കീക്കൊഴൂർ
4	അമൃത എഞ്ചിനീയറിംഗ് വർക്ക്സ്
5	മീനാക്ഷി ഡിജിറ്റൽ സ്റ്റുഡിയോ
6	സ്റ്റാർ ലൈഫ് ഇന്റീരിയേഴ്സ്
7	മുണ്ടുവേലിക്കര ഇൻഡസ്ട്രീസ്
8	റോയൽ ഇൻഡസ്ട്രീസ്
9	വിജയ മെഡിക്കൽ ലാബ്
10	A To Z എഞ്ചിനീയറിംഗ് വർക്ക്സ്

മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്ന പരിശോധന സാദ്ധ്യമായില്ല. ഈ വിഷയം ഓഡിറ്റ് എൻക്വയറി (05/27.06.2024) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. സന്ധ്യ ഫ്യുവൽസ് ഒഴികെയുള്ള സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കുകയാണുണ്ടായതെന്നും, സ്ഥാപനം ആരംഭിച്ച വർഷം മൂലധന നിക്ഷേപം രേഖപ്പെടുത്തി അപേക്ഷ നൽകിയിരുന്നെന്നും അതിന്റെ അടിസ്ഥാനത്തിൽ ഈടാക്കിവരുന്ന തുക തന്നെയാണ് നിലവിൽ ലൈസൻസ് ഫീസ് ഇനത്തിൽ സ്വീകരിക്കുന്നതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി.

ബിസിനസ്സ് വിപുലീകരണം മൂലവും മറ്റുകാരണങ്ങളാലും മൂലധന നിക്ഷേപത്തിൽ വർദ്ധനവുണ്ടാകാൻ സാദ്ധ്യതയുള്ളതുകൊണ്ടാണ് ആയത് പരിശോധിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ചട്ടപ്രകാരം പരിശോധന നടത്തി ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നില്ല

2020-21 വർഷം അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്കായി തുക വകയിരുത്തിയതിൽ 266491 രൂപ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിൽ മേൽ പദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	മുന്നിരിപ്പ്	കേന്ദ്ര വിഹിതം ലഭിച്ചത്	ആകെ	കേന്ദ്ര വിഹിതം ചെലവഴിച്ചത്	ബാലൻസ്
2021-22	266491	673182	939673	514562	425111
2022-23	425111	758726	1183837	361871	821966
2023-24	821966	657233	1479199	367882	1111317

31.03.24 വരെ പ്രസ്തുത ഇനത്തിൽ ആകെ 1111317 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-18 ലൈഫ് ഭവനപദ്ധതി - നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവനപദ്ധതി സംബന്ധമായ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

ക്രമ നം	ഗുണഭോക്താവിന്റെ പേരും വിലാസവും	കരാർ വെച്ച വർഷം	വിഭാഗം	നൽകിയ തുക
1	ശശിധരൻ ചെട്ടിയാർ, പുത്തൻ പുരക്കൽ, ചെറുകോൽ	2020-21	ജനറൽ	350000
2	രാജീവ് കെ.ആർ, പതാലിൽപാറ കിഴക്കേകാലായിൽ, കാട്ടൂർപേട്ട	2019-20	എസ്.സി	350000

3	അനീഷ് വി, ചരിവുകാലായിൽ, കോഴഞ്ചേരി	2021-22	എസ്.സി	40000
4	ബിന്ദു ഗോപി, വെള്ളോലിക്കുഴിയിൽ, വയലത്തല	2020-21	എസ്.സി	200000
5	സുനിത മോഹനൻ, പ്ലാമൂട്ടിൽ, വയലത്തല	2019-20	എസ്.സി	300000
6	റെജി എം.എസ്, മൂന്നപാക്കിൽ, ചെറുകോൽ	2020-21	എസ്.സി	300000
7	കുഞ്ഞമ്മ, മുരുപ്പേൽ, ചെറുകോൽ	2022-23	ജനറൽ	0
8	കാളി കുഞ്ഞുപെണ്ണ്, പുളി നിൽക്കുന്നതിൽ, ചെറുകോൽ	2022-23	എസ്.സി	350000
9	എൻ.പി പൊടിയൻ, കൊച്ചുകാലായിൽ, ചെറുകോൽ	2022-23	എസ്.സി	350000

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/02.07.2024) മറുപടിയായി ശ്രീ ശശിധരൻ ചെട്ടിയാർ, പുത്തൻ പുരക്കൽ, ചെറുകോൽ എന്ന ഗുണഭോക്താവ് നിലവിൽ മേൽക്കൂര വരെയുള്ള പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുള്ള പണികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ടെന്നും, ശ്രീ രാജീവ് കെ.ആർ, പതാലിൽപാറ കിഴക്കേകാലായിൽ, കാട്ടൂർപേട്ട എന്ന ഗുണഭോക്താവ് വീട്പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട് എന്നും, ശ്രീ അനീഷ് ബി, ചരിവുകാലായിൽ, കോഴഞ്ചേരി എന്ന ഗുണഭോക്താവ് പണികൾ ഒന്നും തുടങ്ങാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട് എന്നും, ശ്രീമതി ബിന്ദു ഗോപി, വെള്ളോലിക്കുഴിയിൽ, വയലത്തല എന്ന ഗുണഭോക്താവ് നിലവിൽ മേൽക്കൂര വരെയുള്ള പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ശ്രീമതി സുനിത മോഹനൻ, പ്ലാമൂട്ടിൽ, വയലത്തല എന്ന ഗുണഭോക്താവ് വീട്പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട് എന്നും, ശ്രീ റെജി എം.എസ്, മൂന്നപാക്കിൽ, ചെറുകോൽ വീടിന്റെ ലിന്റൽ നിരപ്പ് വരെ പൂർത്തീകരിച്ചിട്ടുണ്ടെന്നും, വീട്പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട് എന്നും, ശ്രീമതി കുഞ്ഞമ്മ, മുരുപ്പേൽ, ചെറുകോൽ എന്ന ഗുണഭോക്താവ് മരണപ്പെടുകയുണ്ടായി എന്നും ഗുണഭോക്താവിന്റെ അവകാശികൾ വീടിന്റെ ധനസഹായം ലഭിക്കുന്നതിനായി രേഖകൾ നാളിതുവരെ സമർപ്പിച്ചിട്ടില്ലായെന്നും, ശ്രീമതി കാളി കുഞ്ഞുപെണ്ണ്, പുളി നിൽക്കുന്നതിൽ, ശ്രീ എൻ.പി പൊടിയൻ, കൊച്ചുകാലായിൽ, ചെറുകോൽ എന്നീ ഗുണഭോക്താക്കൾ നിലവിൽ മേൽക്കൂര വരെയുള്ള പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുള്ള പണികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 അങ്കണവാടി - അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

അങ്കണവാടികളുടെ എണ്ണം	15
സ്വന്തമായി കെട്ടിടമുള്ളവ	10
വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	5
ബേബിഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഉള്ളവ	2
വൈദ്യുതി കണക്ഷൻ ഉള്ളവ	15
ചുറ്റുമതിൽ ഉള്ളവ	11

ഗ്രാമപ്പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 15 അങ്കണവാടികളിൽ 10 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കാനുള്ള സാദ്ധ്യത സംബന്ധിച്ച വിഷയത്തിൽ ജനപ്രതിനിധികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

29.01.2018ലെ സ.ഉ.(കൈ.)11/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

1-20 അഗതി രഹിത കേരളം പദ്ധതി - അവലോകനം

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്നു.

പഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതിയ്ക്ക് 17.01.2019 ലെ കെ.എസ്/എൽ/13100/2018 നമ്പരായി അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ ടി പദ്ധതിയിൽ 94 അഗതി കുടുംബങ്ങളാണുള്ളത്. 7916150 രൂപ അടങ്കലുള്ള പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ചലഞ്ച് ഫണ്ട്	3090150
പദ്ധതി വിഹിതം	4826000
ആകെ	**7916150**

അഗതിരഹിതകേരളം പദ്ധതിയിൽ താഴെപ്പറയുന്ന സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

സേവനങ്ങൾ	ഗുണഭോക്താക്കളുടെ എണ്ണം
ഭക്ഷണം	94
ചികിത്സ	39
വിദ്യാഭ്യാസം,	7
സ്വയംതൊഴിൽ	6
കുടിവെള്ളം	24
കക്കൂസ്	21
ഭവന പുനരുദ്ധാരണം	3

2023-24 വർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

വരവ്	തുക	ചെലവ്	തുക
മുന്നിരിപ്പ്	1178862.84	ഭക്ഷണ വിതരണം	159827
പ്ലാൻ ഫണ്ട്	20000	ബാങ്ക് ചാർജ്	39.49
		ഭവന പുനരുദ്ധാരണം	50000
ബാങ്ക് പലിശ	32284	നീക്കിയിരുപ്പ്	1021280.35
ആകെ	**1231146.84**	**ആകെ**	**1231146.84**

2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപ്പഞ്ചായത്ത് വിഹിതമായി 20000 രൂപ മാത്രമാണ് ടി പദ്ധതിക്കായി ലഭ്യമായത്. ബ്ലോക്ക്പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം ഇവ ഒന്നും തന്നെ ലഭ്യമായിട്ടില്ല. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങളിൽ 159827 രൂപയുടെ ഭക്ഷണകിറ്റ് വിതരണവും, ഒരാൾക്ക് ഭവന പുനരുദ്ധാരണം ഇനത്തിൽ 50000 രൂപയും മാത്രമാണ് തൻവർഷം നൽകിയിട്ടുള്ളത്. ചികിത്സ, വിദ്യാഭ്യാസം, വീട്, കുടിവെള്ളം, കക്കൂസ് എന്നിവയ്ക്കായി തുകയൊന്നും തന്നെ ചിലവഴിച്ചിട്ടില്ല. 31.03.2024 ൽ 1021280.35 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. കുടുംബശ്രീ സി.ഡി.എസിന്റെ സജീവ പങ്കാളിത്തത്തോടെ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

1-21 ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല - 6499884 രൂപ ലാപ്സായി

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തെങ്കിലും നടപ്പിലാക്കാത്തതിനാൽ 6499884 രൂപ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതിയുടെ പേര്, നമ്പർ	അടങ്കൽ
1	കാട്ടൂർപേട്ട ആലുങ്കൽപടി തറഭാഗം റോഡ് ജമാലിയ കൊച്ചു റോഡ് പുരുദ്ധാരണം, വാർഡ്-11 55/24	130000
2	ഐ.പി.സി കോയ് വിളപടി റോഡ് പ്രൊട്ടക്ഷൻ, വാർഡ് -10 58/24	217941

3	റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് 149/24	19500
4	മൃഗാശുപത്രിയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ 146/24	421685
5	ശബരിമല തീർത്ഥാടനം - നെടുമൺ കടവിലെ ചെളി നീക്കം ചെയ്യലും, പുനരുദ്ധാരണവും 145/24	30000
6	ശബരിമല തീർത്ഥാടനം - കടവുകളിലെ ചെളി നീക്കം ചെയ്യൽ 136/24	95000
7	മഠത്തിലേത്ത് കൊച്ചേത്ത് പടി റോഡ് കോൺക്രീറ്റ്, വാർഡ് - 4 84/24	72410
8	കടമാംപതാലിൽ ഇളവുങ്കൽ റോഡ് കോൺക്രീറ്റ്, വാർഡ് -7 86/24	72410
9	കൊറ്റനല്ലൂർ എസ്.സി റോഡ്, വേങ്ങോലിക്കൽ കാഞ്ഞിരം നിൽക്കുന്നതിൽ ഭാഗം കോൺക്രീറ്റ് 93/24	106668
10	ഇളമത്തറപ്പടി ചക്കപാറ റോഡ് സംരക്ഷണഭിത്തി നിർമ്മാണം, വാർഡ് -3 108/24	181401
11	ചാക്കപ്പാലം പോസ്റ്റ് ഓഫീസ് റോഡ് പുനരുദ്ധാരണം , വാർഡ്-5 118/24	144000
12	കൊച്ചേത്ത് പടി പള്ളിപടി റോഡ് റീകോൺക്രീറ്റ്, ഐറിഷ് ഡ്രെയിൻ വാർഡ് - 9 124/24	290989
13	ചേക്കുട്ട് തേവർവേലിൽ കടവ് പുനരുദ്ധാരണം , വാർഡ്-1 125/24	128435
14	എം.സി.എഫിന്റെയും, വിവിധ വാർഡുകളിലെ മിനി എം.സി .എഫിൻറെയും നവീകരണം 133/24	730000
15	എൻ.എം.യു.പി തടംപഴഞ്ഞി റോഡ് റീ കോൺക്രീറ്റിംഗ് സംരക്ഷണഭിത്തി നിർമ്മാണം, വാർഡ്-6 170/24	268641

16	പൊതു കിണർ നിർമ്മാണം, വാർഡ് -3 171/24	100000
17	ഗവ. ആയുർവേദാശുപത്രിയ്ക്ക് യോഗ സെൻറർ നിർമ്മാണം 172/24	500000
18	ഗവ. യു.പി.എസ് കെട്ടിടത്തിൻറെ ഇണകൾ ബലപ്പെടുത്തലും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും 176/24	136776
19	കുടുംബാരോഗ്യ കേന്ദ്രത്തിൽ ആംബുലൻസിന് പാർക്കിംഗ് അടിസ്ഥാന സൗകര്യം ഒരുക്കൽ 177/24	200000
20	കുടിലുമുക്ക് തേവർക്കാട്ടിൽ പടി റോഡ് പുനരുദ്ധാരണം, വാർഡ് - 9 199/24	240935
21	നെടുങ്കണ്ടത്തിൽപടി പുറത്താമണ്ണിൽപടി സംരക്ഷണഭിത്തി നിർമ്മാണം, വാർഡ് - 2 200/24	255600
22	എഫ്.എച്ച്.സിയ്ക്ക് മുകൾ നില നിർമ്മാണം 67/24	1000000
23	അങ്കണവാടികളുടെ പുനരുദ്ധാരണം 68/24	882224
24	പുല്ലേലിൽപടി ഗവ . യു.പി സ്കൂൾ റോഡ് കോൺക്രീറ്റിംഗ് , വാർഡ് 1 187/24	72077
25	സ്ഥാപനതല കമ്പോസ്റ്റ് പിറ്റ് നിർമ്മാണം 190/24	28192
26	ടേക്ക് എ ബ്രേക്ക് പൂർത്തീകരണം 191/24	175000
ആകെ		**6499884**

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 4/24.06.2024) ഗവണ്മെന്റ് ആയുർവേദാശുപത്രിയ്ക്ക് യോഗ സെൻറർ നിർമ്മാണം (172/24), കുടിലുമുക്ക് തേവർക്കാട്ടിൽ പടി റോഡ് പുനരുദ്ധാരണം, വാർഡ് 9 (199/24), നെടുങ്കണ്ടത്തിൽപടി പുറത്താമണ്ണിൽപടി സംരക്ഷണഭിത്തി നിർമ്മാണം, വാർഡ് - 2/ (200/24), എഫ്.എച്ച്.സിയ്ക്ക് മുകൾ നില നിർമ്മാണം (67/24), അംഗനവാടികളുടെ പുനരുദ്ധാരണം (68/24), സ്ഥാപനതല കമ്പോസ്റ്റ് പിറ്റ് നിർമ്മാണം (190/24) എന്നീ പ്രവൃത്തികൾ ആദ്യ ടെണ്ടറിൽ ടൈം എക്സ്റ്റെൻഷൻ പലതവണ നൽകിയിട്ടും കരാറുകാർ വർക്ക് ഏറ്റെടുത്തിരുന്നില്ല എന്നും, റീ ടെണ്ടർ ചെയ്ത് വർക്ക് എഗ്രിമെന്റ് വെച്ചത് ഫെബ്രുവരിയിലാണെന്നും, ടി പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി അവസാനിച്ചിട്ടില്ലാത്തതാകുന്ന എന്നും റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് (149/24) എന്ന പ്രവൃത്തിയുടെ വേരിഫിക്കേഷൻ പ്രോസസ് ആർ-ട്രാക്ക് സോഫ്റ്റ്‌വെയർ എറർ

കാരണം പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിരുന്നില്ല എന്നും, 2024 ജനവരി മാസം 18-01-2024 തീയതി വരെ പഞ്ചായത്തിൽ ഒരു ഓവർസിയർ മാത്രമാണ് ഉണ്ടായിരുന്നത് എന്നും, 2023 ഡിസംബർ മാസം 15 മുതൽ 2024 ജനവരി വരെ അസിസ്റ്റന്റ് എൻജിനീയർക്ക് ജില്ലാ പഞ്ചായത്തിന്റെ അധിഷണൽ ചാർജ്ജും ഉണ്ടായിരുന്നതിനാൽ സൂപ്പർ വിഷൻ ഉറപ്പാക്കി ഒരേ സമയം ഒന്നിലധികം പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞിരുന്നില്ല എന്നും, കൂടാതെ പ്രവൃത്തികൾ പൂർത്തീകരിച്ച് തുക മാറി നൽകാൻ കഴിയാത്ത കരാറുകാരുടെ പ്രവൃത്തികൾ ആണ് പൂർത്തീകരിക്കാനുള്ള പത്ത് പ്രവൃത്തികൾ എന്നും, സ്ഥലം സംബന്ധിച്ച തർക്കം കാരണം ഒരു പ്രവൃത്തി ചെയ്യുന്നതിന് (മാത്തിലേത്ത് കൊച്ചേത്ത് പടി റോഡ് കോൺക്രീറ്റ്, വാർഡ് - (484/24) കരാറുകാരൻ തയ്യാറായി വന്നിരുന്നുവെങ്കിലും കഴിഞ്ഞിരുന്നില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഏറ്റെടുക്കുന്ന കരാറുകൾ അതാത് വർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ടേക്ക് -എ-ബ്രേക്ക് - കെട്ടിട നിർമ്മാണം പൂർത്തിയാക്കിയില്ല

2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി വൃത്തിയും, ശുചിത്വവും, സുരക്ഷിതത്വവുമുള്ള പൊതു ശുചിമുറികളും, 'ടേക്ക് എ ബ്രേക്ക്' വിശ്രമ കേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും, യാത്രക്കാർക്കും ഉപയോഗിക്കാൻ പാകത്തിന് പാതയോരങ്ങൾ, സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ എന്നിവിടങ്ങളിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. (സ.ഉ.(സാധാ.)നം.1401/2020/തസ്വഭവ, തീ. 27.07.2020). പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ വഴിയിടം പദ്ധതി ലക്ഷ്യം കാണാതെ മുടങ്ങികിടക്കുകയാണ്. 483564 രൂപ പഞ്ചായത്ത് ചെലവഴിച്ചെങ്കിലും വഴിയിടം പദ്ധതികൊണ്ട് പൊതു ജനങ്ങൾക്ക് പ്രയോജനം ഉണ്ടായില്ല.

വാഴക്കുന്നം ജംഗ്ഷന സമീപം ടേക്ക് -എ-ബ്രേക്ക് - വഴിയോര വിശ്രമ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണ പ്രവർത്തി 2020-21 ൽ ആരംഭിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നമ്പർ	വർഷം	പദ്ധതിയുടെ പേര്/നമ്പർ	അടങ്കൽ	ചെലവ്
1	2020-21	ടേക്ക്-എ-ബ്രേക്ക്- പുതിയ ശൗചാലയം-വഴിയോര വിശ്രമ കേന്ദ്രം നിർമ്മാണം	700000	249050
2	2021-22	ടേക്ക്-എ-ബ്രേക്ക്- പുതിയ ശൗചാലയം-വഴിയോര വിശ്രമ കേന്ദ്രം നിർമ്മാണം (സ്പിൽ ഓവർ)	450950	176054
3	2022-23	ടേക്ക്-എ-ബ്രേക്ക്- പുതിയ ശൗചാലയം-വഴിയോര വിശ്രമ കേന്ദ്രം നിർമ്മാണം (സ്പിൽ ഓവർ)	274896	58460
4	2023-24	ടേക്ക്-എ-ബ്രേക്ക്- പൂർത്തീകരണം	175000	0
ആകെ ചെലവ്				483564

2020-21 ൽ ആണ് ടി നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. ടി പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ രമേശ് അമ്പോറ്റി മരണപ്പെട്ടതിനെത്തുടർന്ന് പ്രവൃത്തി നിർവ്വഹണത്തിനായി ശ്രീ എബ്രഹാം തോമസിനെ ചുമതലപ്പെടുത്തുകയും, ടിയാൻ 26-02-21 ൽ കരാർ വെച്ച് പ്രവൃത്തി സ്ഥലം

ഏറ്റെടുത്തിട്ടുള്ളതുമാണ്. ടി നിർമ്മാണ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. കരാർ പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനെ തുടർന്ന് പാർട്ട് ബില്ലിൽ നിന്നും 3564 രൂപയും, അന്തിമ ബില്ലിൽ നിന്നും 4333 രൂപയും മാത്രമാണ് പിഴ ഈടാക്കിയിട്ടുള്ളത്. എം.ബുക്ക് പരിശോധിച്ചതിൽ ഓരോ മൂന്ന് മാസത്തിനും രണ്ട് ശതമാനം പിഴ ചുമത്തി മാത്രമേ കരാർ കാലാവധി നീട്ടി നൽകാവൂ എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. പിഴ തുകയിലും കുറവ് ഉണ്ടായിട്ടുണ്ട്. സപ്ലിമെന്ററി കരാറുകൾ ചമച്ചിട്ടില്ല.

2. പ്രവൃത്തി പൂർത്തിയാക്കാതെ തന്നെ അന്തിമ ബിൽ തയ്യാറാക്കി കരാറുകാരന് റിട്ടെൻഷൻ തുകയായ 17465 രൂപ നൽകിയിട്ടുണ്ട്.

3. 2023-24 ൽ ടി പദ്ധതിക്കായി രണ്ട് പദ്ധതികൾ പ്രൊജക്ട് നമ്പർ 191/24, 192/24 പ്രകാരം ആവിഷ്കരിച്ചെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

വാഴക്കുന്നം പ്രദേശത്ത് നിർമ്മിച്ച ടേക്ക് - എ – ബ്രേക്ക് കെട്ടിടം നിലവിൽ താഴിട്ട് പൂട്ടിയ നിലയിൽ ആണെന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഉന്നത നിലവാരമുള്ള പൊതു ശുചിമുറി ഒരുക്കുവാനായി ഉടക്കമിട്ടു നിർമ്മിച്ച കെട്ടിടത്തിൽ ക്ലോസറ്റ് (ഒരെണ്ണം) വെള്ളം, വൈദ്യുതി, നാപ്കിൻ ഡിസ്പോയർ, വോൾ ടൈലുകൾ, കണ്ണാടി എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. ടേക്ക് - എ – ബ്രേക്ക് കെട്ടിടത്തോടൊപ്പം അനുബന്ധമായി വിശ്രമ സ്ഥലം ഒരുക്കുക എന്ന പ്രവൃത്തിയും ചെയ്തിട്ടില്ല. വെള്ളം, വൈദ്യുതി, ക്ലോസറ്റ്, നാപ്കിൻ ഡിസ്പോയർ എന്നീ ശുചികരണ സൗകര്യങ്ങൾ ഇല്ലാത്ത ഒരു കെട്ടിടം നിർമ്മിച്ച് നിർജ്ജീവ ആസ്തിയായി നില നിൽക്കുന്ന കാഴ്ചയാണ് 28-06-24 ൽ നടത്തിയ സ്ഥല പരിശോധനയിലൂടെ ബോദ്ധ്യപ്പെട്ടത്.

1-23 ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം

ഹരിത കർമ്മസേനയുടെ പ്രവർത്തനം

പതിമൂന്ന് വാർഡുകളുള്ള ചെറുകോൽ ഗ്രാമപ്പഞ്ചായത്തിലെ ആകെ ജനസംഖ്യ 13346 ആണ് . 3700 വീടുകളിലും 178 സ്ഥാപനങ്ങളിലും നിലവിൽ ഹരിത കർമ്മസേനയുടെ സേവനം നിലവിൽ ലഭ്യമാണ്. മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കിയിട്ടുണ്ട്. ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടക്കുന്നുണ്ട്. മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ മുന്നറിയിപ്പ് ബോർഡ് രണ്ട് ഹോട്ട്സ്പോട്ടുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക്ക് മാലിന്യ നിക്ഷേപത്തിനായി 3 ബിന്നുകൾ പൊതുനിരത്തിൽ സ്ഥാപിച്ചു. എല്ലാ വാർഡുകളിലും ബിന്നുകൾ സ്ഥാപിക്കുന്നതിനും പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കുന്നതിനും 2024/25 വർഷം പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 2023/24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി, എംസിഎഫിനു മുൻവശം സിസിടിവി സ്ഥാപിച്ചിട്ടുണ്ട്.

മാലിന്യശേഖരണത്തിനുള്ള കലണ്ടർ അച്ചടിച്ച് എല്ലാ വീടുകളിലും നൽകിയിട്ടുണ്ട്. ടി കലണ്ടർ അനുസരിച്ച് മാലിന്യം ശേഖരിച്ചു വരുന്നു. വീടുകളിലുള്ള അജൈവ മാലിന്യം എല്ലാ മാസവും മുടക്കം കൂടാതെ ഹരിതകർമ്മസേനയ്ക്ക് നൽകണമെന്നും അവർക്കു യൂസർഫീ നൽകണമെന്നുമുള്ള അറിയിപ്പ് ഗ്രാമസഭകൾ വഴിയും, വാട്ട്സാപ്പ് ഗ്രൂപ്പുകൾ വഴിയും പൊതുജനങ്ങളിൽ എത്തിച്ചിട്ടുമുണ്ട്. ഹരിതകർമ്മ സേനയുമായി സഹകരിക്കാത്തവർക്ക് നോട്ടീസ് നൽകിയും ഫോൺ വഴിയും അറിയിപ്പു നൽകുകയും അവരുടെ തുടർന്നുള്ള സഹകരണം ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. വീടുകളിൽ നിന്നും ജൈവ - അജൈവ മാലിന്യം തരം തിരിച്ച് അജൈവമാലിന്യം ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നു. ശേഖരിക്കുന്ന മാലിന്യം പൂർണ്ണമായും എംസിഎഫിൽ എത്തിച്ച് തരം തിരിക്കുന്നു. പുനരുപയോഗം സാധ്യമല്ലാത്ത

പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ പൂർണ്ണമായും പഞ്ചായത്ത് പരിധിക്കുള്ളിൽ നിരോധിച്ച് ബൈലോ പാസ്സാക്കിയിട്ടുണ്ട്.

ബോധവൽക്കരണ പ്രവർത്തനങ്ങൾ

സർക്കാർ ഉത്തരവുകൾക്കനുസൃതമായി ഗ്രാമപഞ്ചായത്ത് നടത്തുന്ന മാലിന്യശേഖരണ സംസ്കരണ പ്രക്രിയകൾ ജനങ്ങളിലെത്തിക്കുന്നതിനായി ഹരിതസഭ, കുട്ടികളുടെ ഹരിതസഭ, എന്നിവ ഓരോന്നു വീതം നടത്തിയിട്ടുണ്ട്. കുടുംബശ്രീ മുഖാന്തരം നടത്തുന്ന കുട്ടികളുടെ ബാലസഭയിലും ടി അജണ്ട ഉൾപ്പെടുത്തിയിരുന്നു. 2023 ഡിസംബർ മാസത്തിൽ നടത്തിയ 13 ഗ്രാമസഭകളിലും ടി വിഷയം അജണ്ട ആക്കി ചർച്ച ചെയ്തിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ വരുമാനം

ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം 23 ആണ്. ഇവർക്ക് ശരാശരി 4450 രൂപ പ്രതിമാസ വേതനം ലഭിച്ചുവരുന്നു. വയബിലിറ്റ് ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല. യൂസർ ഫീ ഇനത്തിൽ 2021-22ൽ 56500 രൂപയും, 2022-23ൽ 102200 രൂപയും, 2023-24ൽ 122700 രൂപയും ലഭിച്ചിട്ടുണ്ട്.

മാലിന്യം നീക്കം ചെയ്യൽ

പാതയോരങ്ങളിൽ നിന്നും തോടുകളിൽ നിന്നും നീക്കം ചെയ്തിട്ടുള്ള മാലിന്യം തരം തിരിക്കുന്നതിന് സാധിക്കാത്ത വിധം മലിനമായതിനാൽ ലെഗസി വേസ്റ്റ്, ക്ലീൻ കേരള കമ്പനിക്ക് നൽകി. ക്ലീൻ കേരള സമയബന്ധിതമായി മാലിന്യ ശേഖരണം നടത്തി വരുന്നുണ്ട്. ക്ലീൻ കേരള കമ്പനി ശേഖരിച്ച മാലിന്യങ്ങളുടെ വിലയായി 2023-24ൽ 30908 രൂപ ലഭിച്ചു. തരം തിരിക്കാത്ത/ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്ത വകയിൽ നാളിതുവരെ ക്ലീൻ കേരള കമ്പനിയ്ക്ക് 213636 രൂപ അനുവദിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണം

മാലിന്യ ശേഖരണ സൗകര്യം മാത്രമാണ് നിലവിൽ ഗ്രാമപഞ്ചായത്തിനുള്ളത്. സംസ്കരണം നടക്കുന്നില്ല. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ഇലക്ട്രിക്ക് പിക്ക്അപ്പ് വാൻ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. അഞ്ച് ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് ജില്ലാമിഷന് കത്തു നൽകിയിരുന്നു. എന്നാൽ ട്രെയിനിംഗ് ലഭ്യമായിട്ടില്ല. എംസിഎഫ് കെട്ടിടത്തിനുള്ളിൽ ടോയ്ലെറ്റ്, ഓഫീസ്മുറി, സോർട്ടിംഗ് ടേബിൾ, കസേര എല്ലാം ഒരുക്കി നൽകിയിട്ടുണ്ട്.

നിയമലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ

വാർഡ് 6 ൽ തയ്യൽക്കടയിൽ നിന്നും മാലിന്യം വൻതോതിൽ റോഡ് സൈഡിൽ തള്ളിയ വ്യക്തിയിൽനിന്നും നിന്നും നിയമാനുസൃത ഫൈനും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഫൈനും ഈടാക്കിയിരുന്നു. കൂടാതെ റോഡ് സൈഡിൽ നിക്ഷേപിച്ച മാലിന്യത്തിൽ നിന്നും ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ 4 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

പരിശീലനം

അജൈവമാലിന്യം തരംതിരിക്കുന്നതിനുള്ള വിശദമായ ട്രെയിനിംഗ്, ക്ലീൻ കേരള കമ്പനി മുഖാന്തരം എല്ലാ ഹരിതകർമ്മസേനാംഗങ്ങൾക്കും 21/12/2022ൽ നൽകിയിട്ടുണ്ട്. കൂടാതെ ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിന് കെൽട്രോൺ സ്റ്റാഫ് മുഖാന്തിരവും ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റൻ മുഖാന്തിരവും നിരവധി ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. കൂടാതെ കുടുംബശ്രീ, ബ്ലോക്ക് പഞ്ചായത്ത് എന്നിവരുടെ ആഭിമുഖ്യത്തിൽ സംരഭക വികസന പരിശീലനവും നൽകി വരുന്നു.

റിവ്യൂ മീറ്റിംഗ്

എല്ലാ മാസവും ഹരിതകർമ്മസേനയുടെ പഞ്ചായത്ത് തല റിവ്യൂ നടത്താറുണ്ട്. ടി യോഗത്തിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സിഡിഎസ് ചെയർപേഴ്സൺ, സെക്രട്ടറി, അസി.സെക്രട്ടറി, വിഇഒ

എന്നിവർ പങ്കെടുത്തുവരുന്നു. എല്ലാ റിവ്യൂ മീറ്റിംഗുകളിലും പ്രവർത്തനത്തിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ചർച്ചകളിലൂടെ തീരുമാനിക്കാറുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

ഹരിതകർമ്മസേനയുടെ പ്രവർത്തനം പ്രൊഫഷണൽ ലെവലിൽ എത്തിക്കുന്നതിന് തടസ്സങ്ങൾ നലനിൽക്കുന്നതായി അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. ഹരിതമിത്രം ക്യൂ. ആർ. കോഡ് സ്കാൻ ചെയ്യുന്നതിന് നിരവധി പരിശീലനം നൽകിയിട്ടും ചില അംഗങ്ങൾക്ക് അത് പഠിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പല അംഗങ്ങളും മറ്റു തൊഴിലുകളിൽ കാലങ്ങളായി ഏർപ്പെട്ടിട്ടുള്ളവർ ആണ്. ആ തൊഴിൽ നിലനിർത്തിക്കൊണ്ടു തന്നെ ഹരിതകർമ്മസേനാ പ്രവർത്തനം നടത്തുന്നത് അവരുടെ പെർഫോമൻസിനെ ബാധിക്കുന്നുണ്ട്. കൃത്യനിഷ്ഠ പാലിച്ച് വാർഡുകളിൽ പോകുന്നതിന് ചില അംഗങ്ങൾക്ക് വ്യക്തിപരമായ പ്രശ്നങ്ങൾ കാരണം സാധിക്കാതെ വരുന്നുണ്ട്. ശേഖരിച്ച മാലിന്യം തരം തിരിക്കുക എന്ന പ്രവർത്തനം ആണ് മറ്റൊരു പ്രധാന വിഷയം. ഏതാനും അംഗങ്ങൾക്ക് മാലിന്യം തരംതിരിക്കുന്നതിൽ പ്രാവീണ്യം വളരെ കുറവായത് സേനയുടെ മൊത്തം പ്രകടനത്തെ ബാധിക്കുന്നുണ്ടെന്നും അറിയിച്ചു.

മാലിന്യം തരംതിരിക്കൽ, വാതിൽപ്പടി ശേഖരണം എന്നിവയിൽ പിറകിൽ നിൽക്കുന്ന വാർഡുകളിലേക്ക്, നന്നായി പ്രവർത്തിക്കുന്ന അംഗങ്ങളുടെ സേവനം കൂടി ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

വാർഡ് 5ൽ ചാക്കപ്പാലം ആയുർവ്വേദ ഡിസ്പെൻസറിക്ക് സമീപം എംസിഎഫ് സ്ഥിതി ചെയ്യുന്നു. മിനി എം.സി.എഫുകൾ - എല്ലാ വാർഡിലും ഒരെണ്ണം വീതം ഉണ്ട്. എന്നാൽ ബെയിലിംഗ്, ഷ്രെഡിംഗ് യൂണിറ്റുകൾ ഇല്ല. എംസിഎഫിൽ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ലഭ്യമാണ്. മുപ്പത് ശതമാനത്തോളം സ്ഥലം സോർട്ടിംഗ് ഏരിയയും ബാക്കി സ്ഥലം സാധനങ്ങൾ സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നു. രണ്ടു മാസത്തെ വരെ പാഴ്‌വസ്തു ശേഖരം സൂക്ഷിക്കുവാൻ ഉള്ള സ്ഥലം ലഭ്യമാണ്. തൊഴിലാളികൾക്ക് ഫസ്റ്റ്-എയിഡ് ബോക്സ്, ഗ്ലൗസ് എന്നിവ നൽകിയിട്ടുണ്ട്. ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യ സംസ്കരണ ത്തിനായി വ്യക്തമായ പ്ലാൻ തയ്യാറാക്കൽ, പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം, യൂസർഫീ പിരിവ് മുതലായവ ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.
- ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
- ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.
- സമയബന്ധിതമായും, കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- പ്ലാസ്റ്റിക്കിന് ബദലായ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

- ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് എല്ലാ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യം സ്രോതസ്സിൽ നിന്ന് തന്നെ തരംതിരിച്ച് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പാഴ്‌വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്
- മാലിന്യ സംസ്കരണം, തരം തിരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേ ണ്ടതാണ്. മാലിന്യം വേർതിരിച്ച് ഏജൻസിക്ക് നൽകി വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- യൂസർ ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പരിപാലനം തൃപ്തികരമല്ല

ഗ്രാമപ്പഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ (KL 62 C -5469) ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഇന്ധന ഉപയോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കുകയോ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതിനാൽ പ്രതിമാസം വാഹനം ഓടിയ ദൂരം, ഉപയോഗിച്ച ഇന്ധനം എന്നിവ സംബന്ധിച്ച പരിശോധന സാദ്ധ്യമല്ല. വാഹനത്തിന് ഡീസൽ നിറയ്ക്കുന്ന വേളയിൽ പഞ്ചായത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം ഉണ്ടായിട്ടില്ല.

ഇതു സംബന്ധിച്ച് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകി (നം.15/02.07.2024). അപാകതകൾ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം, ലോഗ് ബുക്ക് പരിപാലനം എന്നിവയിൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	പ്രോജക്റ്റിന്റെ നമ്പർ /പേര്	ചെലവ് തുക
ബ്ലോക്ക് പഞ്ചായത്ത്.	37/2023-24. ലൈഫ് മിഷൻ പദ്ധതി ജനറൽ.	1420000
	38/2023-24, ലൈഫ് മിഷൻ പദ്ധതി എസ് സി പി	510000
	42/2023-24. അനുപൂരക പോഷകാഹാരം	129204
	47/2023-24. ഭിന്നശേഷിയുള്ളവർക്ക് പഠന സ്കോളർഷിപ്പ്.	83500
	97/2023-24. പാലിയേറ്റീവ് പരിചരണം	208368
	123/2023-24. സ്കൂളുകളിൽ കുട്ടികൾക്ക് പ്രഭാതഭക്ഷണം.	90090
	156/2023-24. പാലീയേറ്റീവ് പരിചരണം	48120
	159/2023-24. ലൈഫ് മിഷൻ പദ്ധതി ടി എസ് പി	7166
ആകെ		**2496448**
ജില്ലാ പഞ്ചായത്ത്.	42/2023-24. അനുപൂരക പോഷകാഹാരം	159554
	47/2023-24. ഭിന്നശേഷിയുള്ളവർക്ക് പഠന സ്കോളർഷിപ്പ്	214000
	97/2023-24. പാലിയേറ്റീവ് പരിചരണം	206012
	135/2023-24. ഗവ പിഎച്ച്സി ചാക്കപ്പാലം ചുറ്റുമതിൽ നവീകരണവും മണ്ണ് നീക്കം	760217

	ചെയ്യൽ(വാർഡ് 5)	
ആകെ		**1339783**

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ നമ്പർ, പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	160/2023-24, വിവിധവാർഡുകളിൽ സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ	168551	0	168551

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പാതിരിച്ചടവ്

വായ്പയുടെ പേര്	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷ വായ്പ	ആകെ	തൻവർഷം തിരിച്ചടച്ച മുതൽ	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് ലോൺ (KURDFC)	-527995	3240000	2712005	997989	1714016
ലൈഫ് ലോൺ (HUDCO)	0	3500000	3500000	0	3500000
ആകെ					**5214016**

4-5 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	500000
തൻവർഷം നിക്ഷേപിച്ച തുക	0
ലഭിച്ച പലിശ	33750
ആകെ	533750

തന്നാണ്ടിൽ പിൻവലിച്ച തുക	33750
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	500000

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ തീയതി
2019/20	1-16	1753	പി മോഹനചന്ദ്രൻ, കോൺട്രാക്ടർ	1230100535 7/07/2023
2019/20	1-16	1195	അനൂപ് ജെ ഗീവർഗീസ്, കോൺട്രാക്ടർ	1230100543 10/07/2023
2019/20	1-16	16632	റ്റി ഇ യോഹന്നാൻ, കോൺട്രാക്ടർ	1230100544 10/07/2023
2022/23	1-13	480	പ്രസാദ് സൗണ്ട്സ്	1230103194 22/02/2024
2022/23	1-13	720	ബിബി കെ, കാരപ്പായി കുരുടാമണ്ണിൽ ബാങ്ക്	1230103263 2/02/2024
2022/23	1-13	960	വയലത്തല ക്ഷീരോല്പാദക സംഘം	1230103306 26/02/2024
2022/23	1-13	600	മേരിക്കുട്ടി ഏബ്രഹാം	1230103333 27/02/2024
2022/23	1-13	240	എം എം ബേക്കറി	1230103960 23/03/2024
ആകെ		**22580**		

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക	വിഷയം	നിലവിലെ സ്ഥിതി
1998-99		2000-01 IV.14 A	ദിവസ കൂലിക്ക് എൽ.ഡി ക്ലർക്കിനെ നിയമിച്ച് വേതനം നൽകിയത് അനുവദനീയമല്ല	ദിവസ കൂലി വ്യവസ്ഥയിൽ നിയമിച്ചിരുന്ന ആളുകളെ(എൽ.ഡി. ക്ലാർക്ക്) പിരിച്ചുവിടാതെ ജോലിയിൽ തുടരാൻ അനുവദിച്ചതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ബന്ധപ്പെട്ട്

				സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതിനായിരുന്നു സമിതിയുടെ ശുപാർശ (2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 8-ാമത് റിപ്പോർട്ട്). ശുപാർശ നടപ്പിലാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല.
1998-99		2000-01 IV.14 B	തനത് ഫണ്ട് പ്ലാൻ ഫണ്ടിലേക്ക് മാറ്റാതെ ചെലവ്	ജനകീയാസൂത്രണം- തനത് ഫണ്ട് പ്ലാൻ ഫണ്ടിലേയ്ക്ക് മാറ്റാതെയുള്ള ചെലവ്. നിയമവിരുദ്ധമായി പണം കൈകാര്യം ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണമെന്നും ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരേ വകുപ്പതല നടപടികൾ സ്വീകരിക്കുന്നതിനാണ് സമിതിയുടെ ശുപാർശ (2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 8-ാമത് റിപ്പോർട്ട്). ശുപാർശ നടപ്പിലാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല.
2007-08	3-8	2010-11 5.2.14	6.65 ലക്ഷം രൂപ ചെലവഴിച്ചിട്ടും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം അനിശ്ചിതാവസ്ഥയിൽ	ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനായി 2007-08 വർഷം 865944 രൂപ ബയോടെക്കിന് നൽകിയിരുന്നു. ബയോടെക്കിന് ചെലവായ തുകകഴിച്ച് 745000 രൂപ തിരിച്ചടച്ചു.
2019-20	1-20	2020-21 1-2 (അനുബന്ധം -2)	മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു	മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടുള്ളതും, സ്റ്റോക്കിൽ ചേർത്ത് വിനിയോഗിച്ചിട്ടുള്ളതുമാണ്.
2006-07		2010-11 5.4.4	സബ്സിഡിയായി വാങ്ങി സ്ഥിരനിക്ഷേപമാക്കി	തുക തിരിച്ചടച്ചു. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തു. തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തുക തിരിച്ചടച്ചതിന്റെ ചെലാൻ ഓഡിറ്റിന് ഹാജരാക്കണമെന്നും, ആയത് ലഭ്യമാക്കിയില്ലെങ്കിൽ വിവരം റിപ്പോർട്ട് ചെയ്യണമെന്നും ഓഡിറ്റ് വകുപ്പിനോട് സമിതി ശുപാർശ ചെയ്തു.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പത്രിക പ്രകാരം, മുന്നിരിപ്പ് ഉൾപ്പെടെ)	37586508
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	26659116
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ക്രമ നം	വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം.
1	1998-99 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി 3-778/99 തീയതി09.03.2000	10, (2, 3, 4, 5, 10, 11, 12, 13, 17, 19)
2	2000-01 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി 3-353/02 തീയതി 13.11.2002	16, (13-1, 13-2, 14, 16, 22-1, 22-2, 29, 30, 37, 43, 44, 46, 47, 50, 69(2), 73)
3	2002-03	എൽ.എഫ്.പി.റ്റി.എ.പി 3-453/06 തീയതി 27.08.2006	1 ,(2-9 CAR)
4	2003-04	എൽ.എഫ്.പി.റ്റി.എ.പി 11-250/08 തീയതി 31.12.2008	2, (3-2, 3-5[CAR])

5	2004-05	എൽ.എഫ്.പി.റ്റി.എ.പി 11-635/2009 തീയതി 27.02.2010	1 ,(3-12)
6	2006-07	എൽ.എഫ്.പി.റ്റി.എ.പി11 – 701/09 തീയതി 03.05.2010	1, (3-13 [CAR])
7	2007-08	എൽ.എഫ്.പി.റ്റിഎ.പി 11- 750/09 തീയതി 13.04.2010	8, (3-3, 3—7, 3-8(CAR), 3-23, 3-29, 3-32, 3-34,3-35)
8	2008-09 മുതൽ 2010-11	എൽ.എഫ്.പി.റ്റിഎ.പി 8-428/11 തീയതി 02.08.14/09.14.11.14	2, 3-5, 3-11 CAR
9	2012-13	എൽ.എഫ്.പി.റ്റി.എ.പി 5-95/15 തീയതി 06.02.2015	1, 3-3 CAR
10	2013-14 മുതൽ 2014-15	കെ.എസ്.എ.പി.റ്റി.എ.പി 5-1115/15 തീയതി 05.12.2015	1, 2-1 CAR
11	2015-16	കെ.എസ്.എ.പി.റ്റി.എ.പി 8-1359/16 തീയതി 24.12.2016	1, (2-1)
12	2016-17	കെ.എസ്.എ.പി.റ്റി.എ.പി 8-1149/17 തീയതി 06.10.2017	2, 3-7, 3-19
13	2017-18	കെ.എസ്.എ.പി.റ്റി.എ.പി 5-1530/18 തീയതി 15.12.2018	4, (3-7, 3-12, 3-14, 3-15)
14	2018-19	കെ.എസ്.എ.പി.റ്റി.എ.പി 8-01/2020 തീയതി 04.01.2020	4, (1-12, 1-13(1,2), 1-29, 1-30)
15	2019-20	കെ.എസ്.എ.പി.റ്റി.എ.പി.8-253/21 തീയതി 09.04.2021	3, (1-11, 1-16, 1-20)
16	2020-21	കെ.എസ്.എ.പി.റ്റി.എ.പി8-344/22 തീയതി 09.05.2022	5, (1-13, 1-15, 1-16, 1-17, 1-18)
17	2021-22	കെ.എസ്.എ.പി.റ്റി.എ.പി8-1289/22 തീയതി 16.12.2022	3 , (1-12, 1-13, 1-18)
18	2022-23	കെ.എസ്.എ.പി.റ്റി.എ.പി8-953/23 തീയതി 17.09.2023	13, (1-13, 1-15, 1-16, 1-18, 1-20, 1-22 To 1-15, 1-31, 1-33, 1-34, 4-2)

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 21-05-2024 and submitted on 21-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the CHERUKOL Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of CHERUKOL Grama Panchayat as on 31-03-2024

Date: 29/07/2024

Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of CHERUKOL Grama Panchayat for the Year 2023-2024.

1.Major Observations

Valuation of land assets as per balance sheet is not accurate. The asset value shown in Balance sheet is not traceableto asset register due to unsupported design of existing asset register.

2.Other Observations

1. Amounts in Saankhya and Sanchaya software do not match.
2. The amount under the head Loans, Advances and Deposits is incorrect.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്